(ബി) തീരുമാനിച്ചിട്ടുണ്ട്. 16-11-2015-ലെ സ.ഉ.(കൈ) നമ്പർ 261/15 ആ.കു.വ. പ്രകാരം പേരാമ്പ്ര താലൂക്ക് ആശുപത്രിയടക്കം സംസ്ഥാനത്തെ 37 ആശുപത്രികളിൽ കാഷ്യാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന് 148 അസിസ്റ്റന്റ് സർജൻമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. (അനുബന്ധം ബി)*

ജീവിത ശൈലീ രോഗങ്ങൾ

63 (752) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ അനിയന്ത്രിതമായി സംസ്ഥാനത്ത് പടർന്നുപിടിയ്ക്കുന്നതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) മാരകരോഗമായ ക്യാൻസർ അതിവേഗം കേരള ജനതയെ കീഴടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ വ്യാപനം തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രമേഹം, ക്യാൻസർ മുതലായ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ടെസ്റ്റുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ചെയ്തുകൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം' ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിന് സംസ്ഥാനത്തെ 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിങ്ങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു. ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമികാരോഗ്യ കേന്ദ്രതലംവരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണം, ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ സ്ക്രീനിംഗ്, ബോധവൽക്കരണം, യോഗാ പരിശീലനം എന്നിവ നടത്തി വരുന്നു. ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014 ജനുവരി മാസം കേരള ആരോഗ്യ വകുപ്പും എൻ.ആർ.എച്ച്.എം.-ഉം ചേർന്ന് ഒരു സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള എൻ.ആർ.എച്ച്.എം. ഡോക്ടർമാർക്കും എൻ.ആർ.എച്ച്.എം. നഴ്സുമാർക്കും ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും ക്യാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനവും റീജിയണൽ ക്യാൻസർ സെന്റർ നൽകിയിട്ടുണ്ട്. മുൻകൂർ രോഗനിർണ്ണയം നടത്തി യഥാസമയത്ത് ചികിത്സ ലഭ്യമാക്കുന്ന പക്ഷം ക്യാൻസർ രോഗം നല്ലൊരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. ഇതിനായി റീജിയണൽ ക്യാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ കൊല്ലം, എറണാകുളം, പാലക്കാട് എന്നീ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങളും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും റീജിയണൽ ക്യാൻസർ സെന്റർ നൽകി വരുന്നു. ക്യാൻസർ തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സ്കൂൾ, കോളേജ്, ഓഫീസ് തലത്തിലും ആരോഗ്യ പ്രവർത്തകരിലൂടെ ഫീൽഡ് തലത്തിലും ആരോഗ്യ വകുപ്പ് നടത്തിവരുന്നു. രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനായി രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ ജില്ലകളിലും നടത്തി വരുന്നു. എല്ലാ ജില്ലകളിലും കീമോതെറാപ്പി സൗകര്യം ഉൾപ്പെടെയുള്ള ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ ജില്ലയിലെ ഒരു പ്രധാന ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

(സി) പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ കണ്ടെത്തുന്നതിനുള്ള ടെസ്റ്റ് കിറ്റുകളും ഉപകരണങ്ങളും സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി സെന്ററുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 2011 മുതൽ നൽകിയിട്ടുള്ളതും, സൗജന്യമായി ജനങ്ങൾക്ക് പരിശോധന നൽകി വരുന്നതുമാണ്. ഈ സാമ്പത്തിക വർഷം ഇത് സംസ്ഥാനത്തെ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഗർഭാശയ ക്യാൻസറിനുള്ള VIA VILI കിറ്റുകൾ, വദനാർബുദം (ഓറൽ ക്യാൻസർ) കണ്ടുപിടിക്കുന്നതിനുള്ള പഞ്ച് ബയോപ്സി കിറ്റുകൾ എന്നിവ ആരോഗ്യവകുപ്പിലൂടെ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ക്യാൻസർ കെയർ പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികൾക്ക് ഉപകരണങ്ങളും കിറ്റുകളും വാങ്ങുന്നതിനും എല്ലാ വർഷവും ധനസഹായം നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly